# പ്രവർത്തിക്കാതായ ഒരു
# ഏടിയെം മെഷീനെപ്പറ്റി

നിരഞ്ജൻ



പ്രവർത്തിക്കാതായ ഒരു ഏടിയെം മെഷീനെപ്പറ്റി

Niranjan

(Malayalam: Poem)

© 2020, T. G. Niranjan

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Marine, Le Havre, a painting by Claude Monet (1840–1926). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# പ്രവർത്തിക്കാതായ ഒരു ഏടിയെം മെഷീനെപ്പറ്റി

(ഞെക്കിയാൽ തെളിയാതെയും
അമർത്തിയാലറിയാതെയും
ഉപയോഗശൂന്യമായ
ഏതൊക്കെയോ
ഏടിയെം മഷീനുകളുടെ
വൃദ്ധമായ ഓർമ്മകളിൽ
ഗോപാലകൃഷ്ണൻ മാഷുടേയും
ഭാഗീരഥിട്ടീച്ചറുടേയും
പെൻഷൻ വലിച്ച ദിവസങ്ങൾ
സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

ബ്രാക്കറ്റിനുള്ളിലാണെങ്കിലും
ഇങ്ങനെ പറഞ്ഞുതുടങ്ങിയത്
ഏ.ടീ.യെം മഷീനുകൾക്കും വാർദ്ധക്യമുണ്ടെന്നും
വാർദ്ധക്യമടക്കം മനുഷ്യമ്മാരുടെ
പലപല അവസ്ഥകളുമായി ഇടപെട്ട ശീലമൊക്കെ
അവയ്ക്കുമുണ്ടെന്നും
തുടക്കത്തിൽത്തന്നെ
പറഞ്ഞുവെക്കേണ്ടതുള്ളതുകൊണ്ടാണ്.
പെൻഷൻ തുകയായതുകൊണ്ട്
സഹചരാദി കുഴമ്പെന്നോ
സപ്ലൈകോ ബില്ലെന്നോ ഉള്ള
വലിച്ചുനീട്ടൽ സാദ്ധ്യതകൾ ഒഴിവാക്കിക്കൊണ്ട്
സത്യത്തിൽ കേന്ദ്രകഥാപാത്രം
പെൻഷനായ മാഷുടേയും ടീച്ചറുടേയും
വീട് അടിച്ചുവാരിത്തുടയ്ക്കുകയും
പാത്രം കഴുകുകയും ചെയ്യുന്ന വിജയലക്ഷ്മിയാണ്
എന്നുമാത്രം പറഞ്ഞുകൊണ്ട്
ബ്രാക്കറ്റ് അവസാനിപ്പിക്കുകയാണ്.)

പറഞ്ഞുവരാനുദ്ദേശിച്ചത്
എന്താന്നു വെച്ചാൽ
പഴയന്നൂർക്കാവിന്റെ ഓപ്പോസിറ്റ്
റോഡിനപ്പുറത്തുള്ള
കാനറാ ബാങ്ക് ഏട്ടീയെം മഷീനിൽ
ചൊവ്വയും വെള്ളിയും കാവിൽ തൊഴാനെത്തുന്ന
വിജയലക്ഷ്മി കയറിവരാൻ തുടങ്ങിയ ശേഷം
ഉണ്ടായിത്തുടങ്ങിയ
സാങ്കേതികത്തകരാറുകളെക്കുറിച്ചാണ്.

പേരിൽ വിജയവും
സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്തുപോരുന്ന
ലക്ഷ്മീദേവിയും ഒക്കെയുണ്ടെങ്കിലും
ഭണ്ഡാരത്തിൽ കാശിടാനില്ലാത്തതുകൊണ്ട്
കാവിലാണോ ഏട്ടീയെമ്മിലാണോ
ആദ്യം കയറേണ്ടത് എന്ന
വിജയലക്ഷ്മിയുടെ ആശയക്കുഴപ്പത്തിൽനിന്നാണ്
പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

ഭഗവതിയുടെ ഭാഗത്തുനിന്നോ
ബാങ്കിന്റെ ഭാഗത്തുനിന്നോ
സാമ്പത്തികകാര്യങ്ങളിൽ
സഹായസഹകരണങ്ങളൊന്നും ഇല്ലെന്നിരിക്കെ
എന്നാൽപ്പിന്നെ സങ്കടം പറയാനെങ്കിലുമുള്ള
സൗകര്യമാണല്ലോ വിജയലക്ഷ്മി നോക്കേണ്ടത്...!
"ഇന്റെ ഭഗോതി..." എന്ന് അടക്കിപ്പറയേണ്ടത്
"ന്നാലും ന്റെ ഏട്ടീയെം മെഷീനേ..."
എന്നിത്തിരി ഉറക്കെത്തന്നെപ്പറയാനുള്ള
കണ്ണാടിക്കൂട്ട് സൗകര്യം
കണക്കിലെടുക്കേണ്ടതുമാണല്ലോ
"ന്നാലും ന്റെ ഏട്ടീയെം മെഷീനേ..." എന്ന്
ഞെരിയാണിക്കു മുകളിൽ
കീറിയ അടിപ്പാവാടയുടെ വെളുത്ത തിരകളായടിച്ച്
കടൽ പോലെ സാരിഞൊറിവുകളുലച്ച്
വിജയലക്ഷ്മി കയറിവരികയും
0411 എന്ന പിൻ നമ്പറടിച്ച്
നൂറ്റിഅയമ്പത്തിനാലുരൂപ ബാലൻസുള്ള
അക്കൗണ്ടിൽ നിന്ന്
രണ്ടായിരം രൂപ ആവശ്യപ്പെടുകയും ചെയ്യുമ്പോൾ
ഒരു ഏട്ടീയെം മഷീനിലും
വികാരവിചാരങ്ങൾ ഉണ്ടാവുന്നുണ്ട്
എന്നുതന്നെയാണ് നമുക്ക് ബോദ്ധ്യപ്പെടേണ്ടത്.
അല്ലെങ്കിൽ പിന്നെ
"നെനക്ക് മനസ്സിലാവ്ണുണ്ടോ...?"
എന്നു പിന്നെയും വിജയലക്ഷ്മി
ആവലാതി പറയുമ്പോൾ
"ഉർർർ... ഗിർർർ..." എന്ന്
ഒരു മെഷീൻ വെറുതേ വിറകൊള്ളേണ്ടതില്ല
നാളും പേരും പറഞ്ഞില്ലെങ്കിലും
0411 എന്നു ജനനത്തീയതിയടിക്കുമ്പോൾ
ഒരു പുഷ്പാഞ്ജലി ശീട്ടാക്കിയ
സംതൃപ്തിയും സന്തോഷവും
വിജയലക്ഷ്മിക്കും തോന്നേണ്ടതില്ല.

പറഞ്ഞുവന്നത്
എന്താന്നു വെച്ചാൽ
പഴയന്നൂർക്കാവിന്റെ ഓപ്പോസിറ്റ്
റോഡിനപ്പുറത്തുള്ള
കാനറാ ബാങ്ക് ഏട്ടീയെം മഷീൻ
കുറച്ചുദിവസമായി
"ഉർർർ... ഗിർർർ..." എന്നു
വെറുതേ ശബ്ദം മാത്രം ഉണ്ടാക്കുന്നുവെന്നും
ഏസി ഓണായിട്ടുപോലും
രാത്രി മുഴുവൻ ഒറ്റയ്ക്കു നിന്നു ചൂടായി
കണ്ണാടിക്കൂടാകെ വിയർത്തൊലിക്കുന്നുവെന്നും
ബഹുമാനപ്പെട്ട ഭഗവതിയേയും ബാങ്കിനെയും
തെര്യപ്പെടുത്താനുള്ള അപേക്ഷയെന്ന നിലയിൽ
ഈ പോസ്റ്റ് കണക്കാക്കണമെന്നാണ്.

പ്രസ്തുത വിജയലക്ഷ്മിക്ക്
ധനലക്ഷ്മി ബാങ്കിലെങ്കിലും
ഒരു ലോൺ ശരിയാക്കുന്നതിനും
അതുവഴി ഈ ഏട്ടീയെം മഷീൻ
ശരിയായി പ്രവർത്തിക്കുന്നതിനും
പഴയന്നൂർ ഭഗവതി
വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ്.

(ഒക്ടോബർ 2014)

(രോഗഭീതിക്കൊപ്പം സാമ്പത്തികമായി നാട്ടിൽ ദുരിത കാലമാണ്. അടുക്കളവീതനയിലെ മൂലയ്ക്ക് ഓർക്കാപ്പുറത്ത് കണ്ടെടുക്കുന്ന ഒരു ഞണുങ്ങിയ അലുക്കിനുള്ളിലെ മറന്നുപോയ സൂക്ഷിപ്പു പോലെ അത്ഭുതമൊളിപ്പിച്ച പെട്ടികളായിരുന്ന എടിഎം മെഷീനുകളെങ്കിൽ എത്ര നന്നായേനെ... പഴയ ഒരു കഥയോർമ്മ.)

## നിരഞ്ജൻ



പാലക്കാട്ട് അടയ്ക്കാപുത്തൂരിൽ ജനനം. മറൈൻ എൻജിനീയർ, വിവാഹിതൻ.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.